**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **22-01-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ,<br>ശ്രീ. ആർ. രാമചന്ദ്രൻ,<br>ശ്രീമതി ഗീതാ ഗോപി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തു ന്നതിനും വേണ്ടി പുതുതായി 6 എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുകയുണ്ടായി. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആദിവാസി വിഭാഗ-ങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനം കേന്ദ്രീകരിക്കുന്നതിലേക്കുമായി ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിൽ നിലമ്പൂരും ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ഓരോ ഓഫീസിലേക്കും 10 തസ്തികകൾ എന്ന രീതിയിൽ ആകെ 20 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചു. ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും തസ്തിക സൃഷ്ടിച്ചു. ഇതുൾപ്പെടെ 3 മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. പട്ടികവർഗ്ഗ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വനാതിർത്തികളിലും മറ്റും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുമായി പരിചയസമ്പന്നരായ 25 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി. വിമുക്തി മിഷൻ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിനായി 14 ജില്ലാ മാനേജർ, 14 ജില്ലാ കോർഡിനേറ്റർ, 3 റിസർച്ച് ഓഫീസർ എന്നിങ്ങനെ 31 അധിക തസ്തികകൾ സൃഷ്ടിച്ചു. ഈ തസ്തികകൾ ഉൾപ്പെടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ആകെ 260 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ്സ് സിസ്റ്റം പാലക്കാട്, എറണാകുളം ജില്ലകളിൽ സ്ഥാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിൽ സ്ട്രൈക്കിംഗ് ഫോഴ്സിനായി 14 റ്റാറ്റാ ഹെക്സാ വാഹനങ്ങളും ജില്ലാ മേധാവികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിനായി പുതിയ Mahindra Xylo ഇനത്തിൽപ്പെട്ട 14 വാഹനങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പുതുതായി രൂപീകരിച്ച 6 എക്സൈസ് സർക്കിൾ ഓഫീസുകളിലും, നിലമ്പൂർ, ദേവികുളം ജനമൈത്രി സ്ക്വാഡുകളിലും എൻ.ഇ.എസ് അടിമാലിയിലും പുതിയ മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങി വിതരണം ചെയ്തു. പഴയ വാഹനങ്ങൾ മാറ്റി ഫീൽഡ് ഓഫീസുകളിലേക്ക് 65 മഹീന്ദ്ര ടി.യു.വി വാഹനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ വാങ്ങി വിതരണം ചെയ്തു. സംസ്ഥാനത്തുള്ള 138 റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 138 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു. എക്സൈസ് വകുപ്പ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ 8,16,445/- രൂപ ചിലവിൽ എൻ.ഐ.സി മുഖാന്തിരം നിർമ്മിച്ചു. പൂർണ്ണമായും കേസുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തു വരുന്നു. വനിതാ കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പട്രോളിംങ്ങ് സ്ക്വാഡ് രൂപീകരിച്ചു. 100 റ്റി.വി.എസ് ജൂപ്പീറ്റർ സ്കൂട്ടറുകളും, 41 ഹോണ്ട ആക്റ്റീവ 5 ജി സ്കൂട്ടറുകളും വാങ്ങി വിതരണം ചെയ്തു. "ലഹരി മുക്ത കേരളം" സാക്ഷാൽക്കരിക്കുന്നതിന് ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ കീഴിൽ പദ്ധതിയുടെ സമഗ്രമായ ഏകോപനം സംസ്ഥാനതലം മുതൽ വാർഡ് തലം വരെ അഞ്ച് തലങ്ങളിലായി നടപ്പിലാക്കി |
| (ബി) | എക്സൈസ് വകുപ്പിന്റെ ആധുനികവല്ക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തു ന്നതിനും വേണ്ടി പുതുതായി 6 എക്സൈസ് സർക്കിൾ |

ഓഫീസുകൾ രൂപീകരിക്കുക യുണ്ടായി. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ ജീവന ക്കാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആദിവാസി വിഭാഗ-ങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനം കേന്ദ്രീകരിക്കുന്നതിലേക്കുമായി ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിൽ നിലമ്പൂരും ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ഓരോ ഓഫീസിലേക്കും 10 തസ്തികകൾ എന്ന രീതിയിൽ ആകെ 20 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചു. ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും തസ്തിക സൃഷ്ടിച്ചു. ഇതുൾപ്പെടെ 3 മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. പട്ടികവർഗ്ഗ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വനാതിർത്തികളിലും മറ്റും എൻഫോഴ്സ്മെന്റ് ശക്തിപ്പെടു- ത്തുന്നതിനുമായി പരിചയസമ്പന്നരായ 25 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി. വിമുക്തി മിഷൻ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായി 14 ജില്ലാ മാനേജർ, 14 ജില്ലാ കോർഡിനേറ്റർ, 3 റിസർച്ച് ഓഫീസർ എന്നിങ്ങനെ 31 അധിക തസ്തികകൾ സൃഷ്ടിച്ചു. ഈ തസ്തികകൾ ഉൾപ്പെടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ആകെ 260 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ്സ് സിസ്റ്റം പാലക്കാട്, എറണാകുളം ജില്ലകളിൽ സ്ഥാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിൽ സ്ട്രൈക്കിംഗ് ഫോഴ്സിനായി 14 റ്റാറ്റാ ഹെക്സാ വാഹനങ്ങളും ജില്ലാ മേധാവികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗ ത്തിനായി പുതിയ Mahindra Xyloഇനത്തിൽപ്പെട്ട 14 വാഹനങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പുതുതായി രൂപീകരിച്ച 6 എക്സൈസ് സർക്കിൾ ഓഫീസുകളിലും, നിലമ്പൂർ, ദേവികുളം ജനമൈത്രി സ്ക്വാഡുകളിലും

| | | | |
|---|---|---|---|
| | | | എൻ.ഇ.എസ് അടിമാലിയിലും പുതിയ മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങി വിതരണം ചെയ്തു. പഴയ വാഹനങ്ങൾ മാറ്റി ഫീൽഡ് ഓഫീസുകളിലേക്ക് 65 മഹീന്ദ്ര ടി.യു.വി വാഹനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ വാങ്ങി വിതരണം ചെയ്തു. സംസ്ഥാനത്തുള്ള 138 റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെ ഭാഗമായി 138 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു. എക്സൈസ് വകുപ്പ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ 8,16,445/- രൂപ ചിലവിൽ എൻ.ഐ.സി മുഖാന്തിരം നിർമ്മിച്ചു. പൂർണ്ണമായും കേസുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തു വരുന്നു. വനിതാ കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പട്രോളിംങ്ങ് സ്ക്വാഡ് രൂപീകരിച്ചു. 100 റ്റി.വി.എസ് ജൂപ്പീറ്റർ സ്കൂട്ടറുകളും, 41 ഹോണ്ട ആക്റ്റീവ 5ജി സ്കൂട്ടറുകളും വാങ്ങി വിതരണം ചെയ്തു. "ലഹരി മുക്ത കേരളം" സാക്ഷാൽക്കരിക്കുന്നതിന് ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ കീഴിൽ പദ്ധതിയുടെ സമഗ്രമായ ഏകോപനം സംസ്ഥാനതലം മുതൽ വാർഡ് തലം വരെ അഞ്ച് തലങ്ങളിലായി നടപ്പിലാക്കി |
| (സി) | എക്സൈസ് വകുപ്പിൽ കേസുകൾ പൂർണ്ണമായും ഓൺലൈനായാണോ രജിസ്റ്റർ ചെയ്യുന്നത്; | (സി) | അതെ; |
| (ഡി) | ലൈസൻസുകൾ നല്കുന്ന നടപടി ഓൺലൈൻ ആക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്; പൊതു ജനങ്ങൾക്ക് ആവശ്യമായ 20 സർവ്വീസുകളുടെ ലൈസൻസ് നിലവിൽ ഓൺലൈനിൽ ലഭ്യമാണ്. വകുപ്പിലെ 21 ഇനം സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നു. കൂടാതെ വകുപ്പിലെ 21 ഇനം സേവനങ്ങൾ കൂടി ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. തിരഞ്ഞെടുത്ത വകുപ്പുകൾ നിലവിൽ നൽകി വരുന്ന സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കുന്നതിലേക്കായി വകുപ്പിന്റെ ഇ-സർവീസ് പോർട്ടൽ കെ-സ്വിഫ്റ്റ് ഒരു പൊതു പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. |
| (ഇ) | എക്സൈസ് ചെക്ക്പോസ്റ്റുകളിൽ പരിശോധന ശക്തമാക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ഇ) | തിരക്കേറിയ 14 ചെക്പോസ്റ്റുകളിൽ സി.സി.റ്റി.വി സംവിധാനം ഏർപ്പെടുത്തി. പ്രധാനപ്പെട്ട 20 ചെക്പോസ്റ്റുകളിലേക്ക് ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തു. സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ഉൾപ്പെടെ 177 ഓഫീസുകളിൽ ഇൻവെർട്ടർ സംവിധാനം ഏർപ്പെടുത്തുകയും ചെക്ക് പോസ്റ്റുകളിൽ 25 |

| | | | |
|---|---|---|---|
| | | | സോളാർ ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. എക്സൈസ് ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുന്നതിനും യഥാസമയങ്ങളിൽ പരിശോധന നടത്തുന്നതിനുമായി ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിയിയിലുള്ള ഉദ്യോഗസ്ഥൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഓണം, ക്രിസ്തുമസ്-ന്യൂഇയർ തുടങ്ങിയ ഉൽസവ കാലങ്ങളിലും ഇലക്ഷൻ സമയങ്ങളിലും സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ച് വാഹന പരിശോധന കൂടുതൽ ശക്തമാക്കി വരുന്നുണ്ട്. |
| (എഫ്) | ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര എക്സൈസ് ടവറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കുമോ? | (എഫ്) | കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ എക്സൈസ് ടവർ നിർമ്മാണം പൂർത്തീകരിച്ച് മന്ദിരം ഉദ്ഘാടനം ചെയ്തു. അങ്കമാലി, ബന്തടുക്ക എന്നീ എക്സൈസ് റെയിഞ്ച് ഓഫീസുകളുടെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. |

സെക്ഷൻ ഓഫീസർ